ഉത്തരം

(എ) ഈ റോഡിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. റോഡ് നിർമ്മാണത്തിന്/വികസനത്തിന് ബഡ്ജറ്റിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് മുൻഗണനാക്രമത്തിൽ റോഡ് വികസന പണികൾ ഏറ്റെടുത്ത് നടത്തുകയാണ് ചെയ്യുന്നത്.

(ബി) നിലവിലുള്ള റോഡ് മരങ്ങൾ മുറിക്കാതെ ഗതാഗതയോഗ്യമാക്കുന്നതിന് കേന്ദ്രമന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല.

(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

52 (2612) വനംവകുപ്പും ദേവസ്വം ബോർഡും തമ്മിലുള്ള ഉടമസ്ഥതർക്കം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനങ്ങാടി പഞ്ചായത്തിലെ തപ്പാട് എന്ന സ്ഥലത്തുള്ള ഭൂമിയിൽ വനംവകുപ്പും ദേവസ്വവും തമ്മിലുള്ള ഉടമസ്ഥ തർക്കം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) എത്രയും പെട്ടെന്ന് ഉടമസ്ഥ തർക്കം പരിഹരിച്ച് പ്രസ്തുത ഭൂമി വികസനാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) പുറക്കാടി ദേവസ്വം മാനേജർ, പുറക്കാടി വില്ലേജിൽ റീ-സർവ്വേ 117/14, 1 എ-യിൽ 195 ഏക്കർ സ്ഥലത്തിൽ അവകാശവാദം ഉന്നയിച്ച് കോഴിക്കോട് ഫോറസ്റ്റ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.പി.കേസ്സ് 30.9.1985-ലെ വിധിപ്രകാരം ഭാഗീകമായി അനുവദിച്ചിരുന്നു. ഈ കേസ്സിലെ വിധിക്കെതിരായി ദേവസ്വവും കേരള സർക്കാരും യഥാക്രമം 319/86, 332/86 എന്നീ നമ്പരുകളിൽ കേരള ഹൈക്കോടതിയിൽ എം.എഫ്.എ. കേസ്സ് ഫയൽ ചെയ്യുകയും, ടി കേസ്സുകളിൽ 12.7.95 ന് വിധി പ്രഖ്യാപിക്കുകയും ഉണ്ടായിട്ടുണ്ട്. പ്രസ്തുത വിധിപ്രകാരം സർക്കാർ ഫയൽ ചെയ്ത കേസ്സ് അനുവദിക്കുകയും ദേവസ്വം ബോർഡ് ഫയൽ ചെയ്ത കേസ്സ് തള്ളിക്കളയുകയുമുണ്ടായി. ഈ വിധിക്കെതിരായി കേരള ഹൈക്കോടതിയിൽ ദേവസ്വം റിവ്യൂ പെറ്റീഷൻ നമ്പർ 348/97 ഫയൽ ചെയ്തിരിക്കുകയാണ്. അത് തീർപ്പായിട്ടില്ല.

(ബി) ദേവസ്വം ഫയൽ ചെയ്ത റിവ്യൂ പെറ്റിഷൻ തീർപ്പായിട്ടില്ലാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കാവുന്നതല്ല.

53 (2613) മാനിനെ വെടിവച്ച സംഭവം

ശ്രീ. പി. രാഘവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മുച്ചിയാർ റിസർവ്വ് വനത്തിൽനിന്നും മാനിനെ വെടിവച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly